"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ല കുന്നത്തുകാൽ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗീത പി. ക്ക് മകളുടെ പ്രസവ ശുശ്രൂഷക്കായി വിദേശത്ത് പോകുന്നതിന് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.125/2026/AYUSH തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 05.07.2017ലെ സ.ഉ.(പി) നം. 08/2017/ഉ.ഭ.പ.വ.
2. 20.07.2023 ലെ സ.ഉ.(പി) നം.13/2023/പി.&എ.ആർ.ഡി.
3. ശ്രീമതി ഗീത പി. യുടെ 16.10.2025 ലെ ശൂന്യവേതനാവധി അപേക്ഷ.
4. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ 01.12.2025 ലെ DMOTVM/950/2025-E3 നം. നടപടിക്രമം.
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 22.01.2026 ലെ DISM/2553/2025-E1 നം.കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപിനു കീഴിൽ തിരുവനന്തപുരം ജില്ല കുന്നത്തുകാൽ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗീത പി. തന്റെ മകളുടെ പ്രസവ ശുശ്രൂഷക്കായി വിദേശത്ത് പോകുന്നതിന് 19.10.2025 മുതൽ 28.08.2026 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമാർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായും പ്രസ്തുത അപേക്ഷ പരിഗണിച്ച് ശ്രീമതി ഗീത.പി ക്ക് 19.10.2025 മുതൽ 31.12.2025 വരെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (4) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ശ്രീമതി ഗീത.പി 19.10.2025 മുതൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതായും 01.01.2026 മുതൽ 28.08.2026 വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന്, ടിയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അവധി അനുവദിച്ചു ഉത്തരവാകുവാനും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ല കുന്നത്തുകാൽ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ഗീത പി. സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ടിയാൾക്ക് മകളുടെ പ്രസവ ശുശ്രൂഷക്കായി വിദേശത്ത് പോകുന്നതിന് 01.01.2026 മുതൽ 28.08.2026 വരെ 240 ദിവസം പ്രസ്തുത കാലയളവ് പരാമർശം (2) സർക്കാർ ഉത്തരവ് ഖണ്ഡിക 2 (ii) പ്രകാരം സീനിയോറിറ്റിക്ക് മാത്രമേ പരിഗണിക്കുകയുള്ളൂവെന്ന വ്യവസ്ഥയിൽ പാരാമർശം (1) പ്രകാരം

ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ഗീത പി., പാർട്ട് ടൈം സ്വീപ്പർ, ഗവ. ആയുർവേദ ഡിസ്പെൻസറി, കുന്നത്തുകാൽ, തിരുവനന്തരപുരം ജില്ല. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പ് (യു.ഒ.നം.RuleA2/59/2025-PandARD തീയതി 08.10.2025).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
5. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/262/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 06-03-2026 11:10:59

സെക്ഷൻ ഓഫീസർ